HIGH COURT—ORIGINAL JURISDICTION—POWERS—CONFERRING OF

416. Mr. K. A. Raghavan *(Nominated)*:

താഴെ എഴുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) കൊച്ചി ഹൈക്കോടതിക്ക് ഒറിജിനൽ ജൂറിസ്ഡിക്ഷൻ അധികാരം നൽകുവാൻ ഗവൺമെണ്ടിനു് ആലോചനയുണ്ടോ;

(ബി) ജുഡീഷ്യൽ പരിഷ്കരണകമ്മിറ്റിയുടെ ശുപാർശ അനുസരിച്ചാണോ ഈ പരിഷ്കരണാലോചന?

Mr. K. S. Raghavan *(Secretary to Government)*:

(എ) & (ബി) ജുഡീഷ്യറി പരിഷ്കരണകമ്മിറ്റിയുടെ ആലോചനയിൽ പെടുത്തിയിരുന്ന വിഷയങ്ങളിൽ ഒന്നായിരുന്ന ഇതു്. ഹൈക്കോടതിക്ക് ഒറിജിനൽ അധികാരം കൊടുക്കുന്നതു് അഭിലഷണീയമല്ലെന്നായിരുന്ന കമ്മിറ്റിയുടെ അഭിപ്രായം. കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

WEIGHTS OF SUGAR AND GUR—PURCHASES FROM FAIR PRICE SHOPS

417. Mr. Paramel Ipe Ipe *(Kunnamkulam)*: Will Government be pleased to state.—

whether it is a fact that sugar and gur when purchased from Fair Price Shops and Co-operative Societies the purchasers are not getting the correct weight?

Mr. P. Govinda Menon *(Minister for Food and Education)*: No.

BUS SERVICE—KATTAKAMPAL VILLAGE

418. Mr. Paramel Ipe Ipe *(Kunnamkulam)*: Will Government be pleased to state.—

(*a*) whether there was not regular bus service till Chirayankad in Kattakampal village of Talappalli taluk;

(*b*) when was that bus service cut short and restricted upto only Chirakkal in Kattakampal village;

(*c*) why was it so restricted;

(*d*) are not the service bus owners prepared and ready to run the service upto Chirayankad as they used to do previously;

(*e*) how many buses were running upto Chirayankad previously;

(*f*) is there any difficulty to issue an order to resume the bus service upto Chirayankad?

Rao Bahadur T. K. Nayar *(Minister for Public Health)*:

(*a*) No. There was service only up to Kattakampal.

(*b*) From 10th Vrischigam 1120.

(*c*) On account of the bad condition of the roads.

(*d*) Not known.

(*e*) 3—two from Trichur to Kattakampal and one from Vadakkancheri to Kattakampal.

(*f*) There is no objection provided the roads are widened and improved.

Mr. Paramel Ipe Ipe (*Kunnamkulam*): Is the Government aware that Chirayankad is a place situated in Kattakampal village?

Rao Bahadur T. K. Nayar (*Minister for Public Health*): May be. Personally I don't know.

Mr. Paramel Ipe Ipe (*Kunnamkulam*): How is it that the answer to (a) "That there is no bus service to Chirayankad but only up to Kattakampal"?

Rao Bahadur T. K. Nayar (*Minister for Public Health*): There is no bus service up to Chirayankad as such.

Mr. Paramel Ipe Ipe (*Kunnamkulam*): Answer to (c) "on account of bad conditions of the roads" are they P.W.D. roads or Panchayat Roads?

Rao Bahadur T. K. Nayar *(Minister for Public Health)*: I think they are P.W.D roads.

Mr. Paramel Ipe Ipe (*Kunnamkulam*): Are there any other instances where bus servicse are stopped on account of bad conditions of the roads?

Rao Bahadur T. K. Nayar *(Minister for Public Health)*: When the condition of the road is going to be very bad the Commissioner of Police may object to bus service, but for this particular instance, I want notice.

Mr. Paramel Ipe Ipe (*Kunnamkulam*): Is there any objection to resume bus service upto Chirayankad?

LIBRARY ARCHIVES Kerala Legislative Assembly

Rao Bahadur T. K. Nayar *(Minister for Public Health)*: Yes. I have answered that question. The condition of the roads will be examined.

Mr. Paramel Ipe Ipe (*Kunnamkulam*): Does the Government think that they can stop bus service owing to the failure of the Government to restore the road suitable for traffic.

Rao Bahadur T. K. Nayar *(Minister for Public Health)*: No. If the lives of many are likely to be in danger, Government are fully justified in stopping bus services even though the road is not in a very bad condition.

മിസ്റ്റർ പി. നാരായണമേനോൻ : റോഡു മോശമായതുകൊണ്ടാണു് ഈ സർവ്വീസു് റെസ്ടിക്ടു് ചെയ്യുതെന്നുണ്ടെങ്കിൽ എറണാകുളം—തൃപ്പൂണിത്തുറ റോഡിലും സർവ്വീസു് റെസ്ടിക്ടു് ചെയ്യാത്തതെന്തുകൊണ്ടാണു് ?

Mr. President : That is outside the purview of this question.

മിസ്റ്റർ കെ. ഐ. വേലായുധൻ : ഈ റോഡിൽക്കൂടി ബസ്സുകൾ പോകുന്നതു നിരത്തീട്ടും ഇപ്പോൾ അവിടെക്കൂടി കാറുകൾ പോകുന്നുണ്ടോ ?

റാവുബഹദൂർ ടി. കെ. നായർ : നോട്ടീസു വേണം.

മിസ്റ്റർ കെ. ഐ. വേലായുധൻ : ആ റോഡിൽക്കൂടി പോലീസുകമ്മീഷണർ കാറിൽ പോയപ്പോൾ എതിരായിവന്ന ബസ്സിനു പോകുവാൻ വേണ്ടി കാർ മാറ്റിച്ചു അവസരത്തിൽ വഴിയരികിലുള്ള മുള്ളു തറച്ചു കാരണത്തിന്മേലല്ലേ അവിടെ ബസ്സു സർവ്വീസു പാടില്ലെന്നു വെക്കുവാൻ കാരണം ? ആ മുള്ളു വെട്ടിക്കളയാൻ പറയാതെ ബസ്സുസർവ്വീസു നിരത്തലാക്കുകയല്ലേ ഉണ്ടായതു് ?

റാവുബഹദൂർ ടി. കെ. നായർ : അങ്ങിനെയുള്ള യാതൊരു റിപ്പോർട്ടും ഇല്ല.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ : സർവ്വീസു് ആരാണു സ്റ്റോപ്പ് ചെയ്തതു് ?

റാവുബഹദൂർ ടി. കെ. നായർ : പോലീസു കമ്മീഷണർ.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : റോഡു മോശമാണെന്നു പറയാനുള്ള മുമതല പബ്ലിക്കു വർക്സു് ഡിപ്പാർട്ടുമെന്റിനല്ലേ ?

റാവുബഹദൂർ ടി. കെ. നായർ : റോഡു ചീത്തയായതുകൊണ്ടു ബസ്സു് ഓടിക്കുവാൻ പാടില്ലെന്നു കമ്മീഷണർ പറഞ്ഞതനുസരിച്ചു ബസ്സു സർവ്വീസു് സ്റ്റോപ്പു ചെയ്തു. ബസ്സിൽ കയറിയാൽ ആ വഴിയിൽക്കൂടി പോകുന്നതു് അപകടമാണെന്നാണു പോലീസു കമ്മീഷണരുടെ റിപ്പോർട്ടു്.

മിസ്റ്റർ പി. നാരായണമേനോൻ : ഇങ്ങിനെ മോശമായ റോഡുകളിലെല്ലാം സർവ്വീസു് റെസ്ടിക്ടു് ചെയ്യണമെന്നാണോ നിയമം ?

റാവുബഹദൂർ ടി. കെ. നായർ : മോശം എന്നു പറയുന്നതു പലതരത്തിലാണു്. ചിലടിക്കിൽ കല്ലുകളൊക്കെ ഇളകികിടക്കുന്നതുകൊണ്ടു ബസ്സു് ഓടുമ്പോൾ കിടുക്കമുണ്ടായിരിക്കും. ചില സ്ഥലങ്ങളിൽ റോഡിനു വീതിയുണ്ടായിരിക്കുകയില്ല. ചില പാലങ്ങൾ കേടുവന്നവയായിരിക്കും; വീതിയും കുറവായിരിക്കും; ബലക്ഷയവുമുണ്ടായിരിക്കും; അങ്ങിനെയുള്ള റോഡുകളിൽക്കൂടി ബസ്സിൽആളുകളെ കയറ്റിക്കൊണ്ടുപോയാൽ ശരിയല്ല എന്നു കമ്മീഷണർക്കു തടയുവാൻ തീർച്ചയായും അവകാശമുണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : പല കാരണങ്ങളും പറഞ്ഞുവല്ലോ. അതിൽ ഈ റോഡിനെ സംബന്ധിക്കുന്ന കാരണം എന്താണു് ?

റാവുബഹദൂർ ടി. കെ. നായർ : അതിന്റെ കാരണം (എഫ്) ആയിട്ടു പറഞ്ഞിട്ടുള്ള മറുപടി വായിച്ചാൽ അറിയാം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : ആ റോഡു നിരോധം വന്നതു് എത്ര തിയ്യതിക്കാണു് ?

റാവുബഹദൂർ ടി. കെ. നായർ : അതു് ഉത്തരം (ബി) യിൽ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ : ഇതു നന്നാക്കേണ്ട കാര്യം ഗവർമ്മെണ്ടു് ആലോചിച്ചിട്ടുണ്ടോ ?

റാവുബഹദൂർ ടി. കെ. നായർ : നോട്ടീസു വേണം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : [illegible] വരേക്കും അതു നന്നാക്കീട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ ടി. കെ. നായർ : റോഡു നന്നാക്കീട്ടുണ്ടോ എന്നറിഞ്ഞുകൂടാ. ബസ്സു സർവ്വീസ് ആ വഴിക്കില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ : ബഹുമാനപ്പെട്ട മിനിസ്റ്റർ ആ വഴിയിൽ കൂടി പോയിട്ടുണ്ടോ ?

റാവുബഹദൂർ ടി. കെ. നായർ : ഞാൻ പോയിട്ടില്ല. പബ്ലിക്കുവർക്സ് മന്ത്രിയാണ് അതിനെപ്പറ്റി നോക്കാനുള്ള ആൾ. വേണമെങ്കിൽ ഞാനുംകൂടി അദ്ദേഹത്തോടൊന്നിച്ചു പോയി നോക്കുവാൻ വിരോധമില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ബസ്സു സർവ്വീസു റെസ്റ്റോർ ചെയ്യണമെന്നു് ഉദ്ദേശമുണ്ടോ ?

റാവുബഹദൂർ ടി. കെ. നായർ : റോഡ് നന്നായാൽ സർവ്വീസു റെസ്റ്റോർ ചെയ്യുവാൻ വിരോധമില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : റെസ്റ്റോർ ചെയ്യണമെന്നു ഗവമ്മെണ്ടിനാഗ്രഹമുണ്ടോ ?

റാവുബഹദൂർ ടി. കെ. നായർ : ഗവമ്മെണ്ടിനാഗ്രഹമില്ല. ആരെങ്കിലും ആവശ്യപ്പെട്ടാൽ അനുവദിക്കുന്നതിനു വിരോധമുണ്ടാകയില്ല. ഗതാഗതസൌകര്യമായ റോഡുകൾ ഉള്ള സ്ഥലങ്ങളിലൊക്കെ സർവ്വീസു കൊടുക്കണമെന്നുള്ളതാണു ഗവമ്മെണ്ടിന്റെ നയം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ഈ റോഡിന്റെ കണ്ടീഷൻ മോശമായിട്ടാണോ സർവ്വീസു നിറുത്തൽ ചെയ്തതു് ?

റാവുബഹദൂർ ടി. കെ. നായർ : ഇപ്പോൾ കാട്ടകാമ്പാൽ വഴിക്കു പുതിയതായിട്ടുള്ള ഒരു റോഡ് അലൈൻ ചെയ്തുണ്ടു്. ആദ്യം സർവ്വീസു പോകുവാൻ അനുവദിച്ചിട്ടുണ്ടായിരുന്ന റോഡ് എ. ക്ലാസ്സ് അല്ലാതേയും, മെറ്റലിങ്ങ് ഇല്ലാതേയും കിടന്നപ്പോൾ കേടുവന്നിട്ടുണ്ടു്. ഇപ്പോൾ അതും പി. ഡബ്ലിയു. ഡി.യിൽനിന്നും നന്നാക്കുവാനുള്ള അലൈൻമെന്റു നടക്കുന്നുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ടാൻസ് പോട്ടുകമ്മിറ്റിയിൽ ചീഫ് എഞ്ചിനീയർ ഒരു മെമ്പറാണോ ?

റാവുബഹദൂർ ടി. കെ. നായർ : അല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ റോഡിൽകൂടി ബസ്സു പോകുന്നതു തടസ്ഥം ചെയ്യുന്ന വഴിയുടെ മോശംകൊണ്ടാണെന്നുള്ള സംഗതി ചീഫ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ടോ ?

റാവുബഹദൂർ ടി. കെ. നായർ : നോട്ടീസ്സു് വേണം.

മിസ്റ്റർ എം. കെ. രാജാ : ഈ ഗ്രഹപ്പിഴ പിടിച്ച റോഡിനെ സംബന്ധിച്ചു ചോദിക്കുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പബ്ലിക്കുവർക്സ് മന്ത്രിക്കു് ഒന്നും മറുപടി പറയുവാനില്ലേ ?

റാവുസാഹിബ് കെ. അയ്യപ്പൻ : ചോദ്യങ്ങൾ ചോദിച്ചതിനുള്ള മറുപടി പറയുന്നതിനുതന്നെ സമയം തരുന്നില്ല. ചോദ്യം തീരുന്നില്ലെന്നുണ്ടെങ്കിൽ പിന്നെയെങ്ങിനെ റോഡു തീരും? ഈ സംഗതിയെപ്പറ്റി ഒരു കടലാസും ഒരു വിവരവും എന്റെ അടുക്കൽ കിട്ടീട്ടില്ല. കേടു മൂഴുവൻ തീർത്തിട്ടില്ലാത്ത പല റോഡുകളും ഉണ്ടു്. ബ്രിട്ടിഷിൻഡ്യയിലും മറ്റു രാജ്യങ്ങളിലുമുള്ളതിനേക്കാൾ നമ്മുടെ രാജ്യത്താണു റോഡുകൾ അധികമുള്ളതു്. അപ്പോൾ കേടുതീർക്കേണ്ട റോഡുകളുടെ നീളം കൂടുതലായിരിക്കും. അതുകളുടെ കേടുതീർക്കേണ്ടതും അത്യാവശ്യമായിരിക്കാം. ഈ രാജ്യത്തുള്ളതുപോലെ റോഡിന്റെ ആവശ്യക്കാർ വേറെ രാജ്യത്തുണ്ടാകുമെന്നു തോന്നുന്നില്ല.

Mr. President: Order, Order.

റാവുസാഹിബ് കെ. അയ്യപ്പൻ: അത്യാവശ്യമായ ഇൻഫർമേഷൻ കൊടുക്കുന്നതിനു ചെയർ അനുവദിക്കുന്നില്ലെങ്കിൽ അതനുസരിക്കുവാൻ വിരോധമില്ല. ഞാൻ വെറുതെയിരിക്കുകയാണെന്നു് ഇവിടെ പറയുകയുണ്ടായി. അതുകൊണ്ടു് അതിനുള്ള മറുപടിയാണു ഞാൻ പറയുന്നതു്.

Mr. President : I do not rule out. You are free to say anything.

മിസ്റ്റർ എം. കെ. രാജാ : ബഹുമാനപ്പെട്ട പി. ഡബ്ലിയു. ഡി. മന്ത്രി വെറുതെയിരിക്കുന്നുവെന്നല്ല ഞാൻ പറഞ്ഞതു്. അദ്ദേഹത്തിന്റെ സഹപ്രവർത്തകൻ ബുദ്ധിമുട്ടിലായപ്പോൾ അദ്ദേഹത്തെ സഹായിക്കണമെന്നുള്ളതാണു് എന്റെ ചോദ്യത്തിനു കാരണമായതു്.

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : പബ്ലിക്ക് ഹെൽത്ത് മന്ത്രി ബുദ്ധിമുട്ടിലായിട്ടുണ്ടെന്നും അദ്ദേഹത്തെ സഹായിക്കുവാൻ പബ്ലിക്ക്‌വർക്ക്സ് മന്ത്രി പോകേണ്ട ആവശ്യമുണ്ടെന്നും തോന്നീട്ടില്ല.

Mr. Paramel Ipe Ipe *(Kunnamkulam)*: With reference to answer to (f) "There is no objectiom provided the roads are widened and improved" whether there was any attempt made from 10th Vrischigam 1120, either to widen or improve the road?

റാവുബഹദൂർ ടി. കെ നായർ: അതാണ് നോട്ടീസ്സ് വേണമെന്നു ഞാൻ പറഞ്ഞതു്.

Mr. Paramel Ipe Ipe *(Kunnamkulam)*: The road if improved, will the bus service be restored?

റാവുബഹദൂർ ടി. കെ. നായർ: ഞാൻ ഒരുകാര്യം പെയ്യാം. വളരെ വേഗത്തിൽ ആ വഴി ഒന്നുപോയി നോക്കാം. ഞങ്ങൾ രണ്ടാളുംകൂടിപോയി ആ റോഡുനോക്കി വന്നിട്ട് അടുത്ത കൌൺസിലിൽ കൂടുതലായിട്ടുള്ള വിവരങ്ങൾ പറയാം. അധികം നീളമില്ല. ആവഴിയുടെ നീളം ഒന്നോ രണ്ടോ ഫർലോങ്ങേ ഉള്ളുവെന്നാണ് മനസ്സിലാക്കിയിട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ആ പ്രദേശത്തുള്ള ഒരു ഫർലോങ്ങു് നീളമുള്ള ആ റോഡിൽക്കൂടി ബസ്സു് ഗതാഗതം വേണ്ടെന്നുവെച്ചില്ലേ? അതു കച്ചവട സംബന്ധമായ പലേ ആവശ്യങ്ങൾക്കു പകരിക്കുന്നതും വടക്കാഞ്ചേരിയിലെ കോടതിയിലേക്കും മറ്റും പോകുവാൻ ഉപയോഗിക്കുന്നതുമായ ഏറ്റവും പ്രധാനപ്പെട്ട ഒരു വഴിയല്ലേ?

റാവുബഹദൂർ ടി. കെ. നായർ: അതാണ് ഞാൻ പറഞ്ഞതു്, ഞാൻപോയി നോക്കിട്ടില്ല, ഒന്നുപോയി നോക്കാം എന്നു്.

LAW GRADUATES—REVENUE DEPARTMENT—PARTICULARS REGARDING

419. Mr. Paramel Ipe Ipe *(Kunnamkulam)*: Will Government be pleased to state.—

(*a*) how many law graduates with all the Revenue tests and Survey training are now working in the Revenue Department below the rank of a Tahsildar;

(*b*) who are they and their total service and their service in the Revenue Department;

(*c*) what pay are they drawing now;

(*d*) how many of the present Tahsildars are junior to them in service and what is their total service and their service in the Revenue Department;

(*e*) how many of the present Tahsildars are with less qualification?

Mr. C. R. Iyyunni *(Minister for Revenue)*:

(*a*) One.

(*b*) Mr. T. I. Jacob, B. A., B. L.
Total service 15 years 9 months.
Total service in the Revenue Department—15 years 9 months.

(*c*) Rs. 68 in the time scale of Rs. (60-80).

(*d*) All the present Tahsildars are senior to Mr. Jacob.

(*e*) All the present Tahsildars possess the requisite qualification. 2 among them are Law Graduates.

Mr. Paramel Ipe Ipe *(Kunnamkulam)*: Whether there was anybody who was junior to him, acting as Tahsildar?

Mr. C. R. Iyyunni *(Minister or Revenue)*: I am not aware of it.

മിസ്റ്റർ പി. കെ. ഡീവർ: റവന്യൂ ഡിപ്പാർട്ടുമെണ്ടിൽ ബി. എൽ. പാസ്സാകാത്തവരായി ആരെങ്കിലും, അദ്ദേഹത്തേക്കാൾ കുറഞ്ഞ സർവ്വീസുള്ളവരാരെങ്കിലും കൂടുതൽ ശമ്പളത്തിലോ കൂടിയ സർവ്വീസിലോ സ്ഥിരമായിട്ടോ ആക്ടിംഗായിട്ടോ പ്രമോഷൻ കിട്ടിപോയിട്ടുണ്ടോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ: തീർച്ചയാണോ?

റാവുസാഹിബ്ബ്. എ. മാധവപ്രഭു: തീർച്ചയാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബി. എൽ. പാസ്സായിട്ട് റവന്യൂ ഇൻസ്പെക്ടർമാരായിരിക്കുന്ന ആളുകൾ വേറെയുണ്ടോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: വേറെയില്ല. ഈ ഒരാൾ മാത്രമേയുള്ളു. ഇപ്പോൾ ആ മനുഷ്യനും റവന്യൂ ഡിപ്പാർട്ടുമെണ്ടിൽനിന്നുപോയി.

LIBRARY ARCHIVES Kerala Legislative Assembly